(ഇ) ഉഭയകക്ഷി ചർച്ചകളിലൂടെ വിയോജിപ്പുള്ള സംഗതികൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

പറമ്പിക്കുളം-ആളിയാർ നദീജലക്കരാർ

66 [784] ശ്രീ. ബി. വിജയകുമാർ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. വി. ബാലറാം:
,, ജോർജ്ജ് ജെ. മാത്യു:
,, പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ നദീജലക്കരാർ പുതുക്കുന്നത് സംബന്ധിച്ച് ഈ വിഷയത്തിൽ അവഗാഹമുള്ള നിയമജ്ഞൻമാരും മറ്റുള്ളവരുമായി ആലോചിച്ചുവെങ്കിൽ അവരുടെ ഉപദേശമെന്തായിരുന്നു;

(ബി) ഇക്കാര്യത്തിൽ അന്തർ സംസ്ഥാന നദീജലപ്രശ്നം സംബന്ധിച്ച് പ്രാവീണ്യം നേടിയവരുടെ അഭിപ്രായം ആരായാത്തപക്ഷം അതിന് നടപടിയെടുക്കുമോ;

(സി) പറമ്പിക്കുളം-ആളിയാർ നദീജലക്കരാർ ലംഘനംമൂലം ദുരിതമനുഭവിക്കുന്ന പാലക്കാട്ടെ കർഷകരുടെ പ്രതിനിധികളുമായി കരാർ പുതുക്കുന്നത് സംബന്ധിച്ച് സ്വീകരിക്കേണ്ട പ്രായോഗിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തമിഴ്നാടുമായി ചർച്ച ചെയ്ത് കരാറിൽ വേണ്ട ഭേദഗതി വരുത്തുവാനായിരുന്നു മുൻ അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശം. ഈ കരാറിന്റെ കാര്യത്തിൽ സങ്കീർണ്ണമായ നിയമപ്രശ്നങ്ങളൊന്നും അടങ്ങിയിട്ടില്ല.

(ബി) വിദഗ്ദ്ധരുടെ അഭിപ്രായങ്ങൾ ഗവൺമെന്റിന് ലഭിക്കുന്നുണ്ട്.

(സി) കർഷക പ്രതിനിധികളുമായി ഇക്കാര്യത്തിൽ ചർച്ചകൾ നടത്തിയിട്ടുണ്ട്.

(ഡി) ഉദിക്കുന്നില്ല.

പറമ്പിക്കുളം-ആളിയാർ നദീജലക്കരാർ പുതുക്കുന്നത് സംബന്ധിച്ച് നടത്തിയ ചർച്ച

67 [785] ശ്രീ. എ. കെ. ബാലൻ:
,, വി. കെ. ചന്ദ്രൻ:
,, വി. ചെറാമരാക്ഷൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ നദീജല കരാർ പുതുക്കുന്നത് സംബന്ധിച്ച് തമിഴ്നാടുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly